പ്രതികരണം

# സ്ത്രീ ആരുടേയും അടിമയല്ല!!!

തോമസ് ഫിലിപ്പ്, റാന്നി

ജനം കൂകി, ഗോപാലകൃഷ്ണൻ ചിരിച്ചു എന്ന ശ്രീ ഏബ്രഹാം തെക്കേമുറിയുടെ ലേഖനം വായിച്ചു. ധാർമ്മികമായ ഉൾക്കരുത്തോടു കൂടി നിഷ്പക്ഷമായും വസ്തുനിഷ്ഠവുമായുള്ള ഒരു നല്ല വിലയിരുത്തൽ നടത്തിയ ലേഖകനെന്റെ അഭിനന്ദനങ്ങൾ!

ദാമ്പത്യജീവിതത്തിലേക്കു പ്രവേശിക്കുവാനൊരുങ്ങിക്കൊണ്ടിരുന്ന മാന്യനായ ഒരു സിനിമാനടിയെ ഗൂഡാലചനയോടു കൂടി ഒരു ദുഷ്ടനെക്കൊണ്ട് അതിനീചമായി ആക്രമിപ്പിച്ച് ബലാൽക്കാരം ചെയ്യിക്കുകയും അതിന്റെയൊക്കെ ചിത്രങ്ങൾപ്പോലും എടുപ്പിച്ച് കൈവശമാക്കുകയും ചെയ്തെന്ന് ആരോപിക്കപ്പെട്ട ഒരു താരരാജാവിനെ നാല് മാസത്തിലധിക സമയം താങ്ങി സംരക്ഷിച്ച ആദരണീയയായ ഒരു 'അമ്മ' മലയാള സിനിമയ്ക്ക് കേരളത്തിലുണ്ട്. സ്വന്തം മോളെ ഇത്ര നീചമായി വഴിയിലിട്ട് അപമാനിച്ചിട്ടും ഈ 'അമ്മച്ചി'യുടെ പ്രിയപ്പെട്ട രണ്ട് സൂപ്പർ താരങ്ങൾക്ക് ഈ ദാരുണസംഭവത്തിൽ അത്രയധികം ആത്മരോഷമൊന്നുമുണ്ടായി കണ്ടതുമില്ല. അല്ലെങ്കിൽ അഭിനേതാക്കൾക്ക് ദുഃഖിക്കാനെന്നതു കാരണം? അതുകൊണ്ട് താരരാജാക്കന്മാർക്ക് എന്തിനും പ്രതികരണം എപ്പോഴും ചിരിയാണ്!

അറസ്റ്റിലായാലും ജയിലിലായാലും തെളിവെടുപ്പിന് പോലീസ് കൊണ്ടുനടന്നാലും ജനപ്രിയ നടനുമൊക്കെ ചിരി തന്നെ. പോലീസ് അന്വേഷസംഘത്തെപ്പോലും മിമിക്രി ശൈലിയിൽ പരിഹസിക്കും. മൗനം അഭിനയിക്കും ജനപ്രിയനായകല്ലേ? സാധാരണക്കാരൻ വല്ലതുമാണെങ്കിൽ അനുഭവം വേറെ! അമ്മയെ തല്ലുന്നവനും സപ്പോർട്ട് ചെയ്യുന്നവന്റെ നാടാണ് കേരളം! 'അമ്മച്ചി' സംഘടനയുടെ പ്രസിഡന്റിന്റെ പേരിന്റെ അർത്ഥവും നിരപരാധിയെന്നാണല്ലോ. ദൈവവും പണ്ട് മനുഷ്യനോട് പറഞ്ഞു മോനെ നീ നിഷ്കളങ്കൻ ആയിരിക്കണമെന്ന്. ഓൻ അതു കേട്ടില്ലല്ലോ.

അമ്മയുടെ തന്നെ രണ്ട് എം.എൽ.എ. മാരിലൊരാൾ ഈ ആക്രമണ കേസിലെ തെറ്റുകൾ ചൂണ്ടിക്കാട്ടിയ ഒരു മാധ്യമപ്രവർത്തകന്റെ നേരെ തട്ടിക്കയറുന്നത് ഞാൻ കാണുകയുണ്ടായി. അമ്മ സംഘടനയിലും മലയാള സിനിമയിലും ഇന്ന് നടക്കുന്നതെന്ത്? ജനാധിപത്യമോ നീതിയോ ഏകാധിപത്യമോ സ്ത്രീസംരക്ഷണമോ, ധാർഷ്ട്യ അഹങ്കാര പ്രകടനങ്ങളോ? പ്രശസ്ത നടനായിരുന്ന തിലകൻ മരിക്കുന്നതിന് മുമ്പായി 'അമ്മ'യെപ്പറ്റി പറഞ്ഞത് സത്യമായിരുന്നില്ലേ? സിനിമാപ്രിയനൊന്നുമല്ല ഞാൻ, തിന്മകൾ ചൂണ്ടിക്കാണിക്കുന്നെന്നേയുള്ളൂ.

കേരളത്തിലെ മറ്റൊരു ജനപ്രിയനായ 'തോക്ക് എം.എൽ.എ. യുടെ ദൃഷ്ടിയിൽ നടിക്കെതിരായി ഉണ്ടായ ബലാൽക്കാര കേസ് കെട്ടിച്ചമച്ചതാണെന്നാണ്. കേരളത്തിന്റെ ഫാൽക്കേ അവാർഡ് ജേതാവായി ആദരിക്കപ്പെടുന്ന അടൂർ ഗോപാലകൃഷ്ണന്റെ നിരീക്ഷണത്തിൽ കുറ്റാരോപിതനായ നടൻ അധോലോകനായകനോ കുറ്റവാളിയോ അല്ലെന്നുമാണ്. എന്നാൽ ഒന്നുണ്ട് സത്യം: ഏത് മിടുക്കനും പ്രസിദ്ധനും കോടീശ്വരനും എന്നും എക്കാലവും എല്ലാവരെയും വഞ്ചിച്ച് വിജയിക്കുവാൻ സാധിക്കയില്ല എന്നുള്ളതാണ്! 'Be sure your sin will find your out' എന്നൊരു ചൊല്ല് ഇംഗ്ലീഷിലുണ്ടല്ലോ. ആണും പെണ്ണും അറിഞ്ഞിരിക്കേണ്ട സത്യമാണിത്. പ്രവൃത്തിയുടെ ഫലം നല്ലതായാലും തീയതായാലും അത് നമ്മേ പിൻതുടരുക തന്നെ ചെയ്യും! ആണിന്റെയും പെണ്ണിന്റെയും

പാപങ്ങൾ ഇന്ന് തൂക്കപ്പെടുന്നത് സത്യത്തിന്റെയും നീതിയുടെയും ഒരേ തുലാസിൽ തന്നെയോ? പുരുഷൻ എത്രയധികം പാപം ചെയ്താലും കുഴപ്പമില്ല! അടുക്കപ്പെടുന്ന വലിയ പാപം സ്ത്രീയുടേതും!

എത്ര ഭയങ്കര അക്രമവും അധർമ്മവും നടന്നാലും കേരളത്തിലെ സാംസ്ക്കാരിക നായകന്മാർക്കും എഴുത്തുകാർക്കും ആത്മീയ നേതാക്കന്മാർക്കുപോലുംഅതിൽ ശക്തമായൊരു പ്രതികരണം ഉണ്ടായി കാണാത്തതിൽ ഞാൻ അതിശയിച്ചു പോകുന്നു! കേരളത്തിലെ മനുഷ്യബന്ധങ്ങൾ പോലും വർഗ്ഗീയചിന്തയുടെ വെളിച്ചത്തിലായിരിക്കയാണിന്ന്! വർഗ്ഗീയത കുറവായിട്ടുള്ളത് കമ്മ്യൂണിസ്റ്റു പാർട്ടിയിലുമാണ്.

അതിനീചമായ ഒരു ബലാൽക്കാരത്തെ അതിധീരമായി അഭിമുഖീകരിച്ച് അനാദൃശ്യമായ വിജയം കൈവരിച്ച യുവനടിയെ ഞാൻ ഹൃദയംഗമമായി ഇവിടെ അനുമോദിച്ചുകൊള്ളുന്നു. ഈ സംഭവുമായി ബന്ധപ്പെട്ടുള്ള മലയാളി പുരുഷന്മാരുടെ വികലവും വിവേകശൂന്യവുമായ സ്ത്രീകൾക്കെതിരായിട്ടുള്ള അശ്ലീല അപഹാസ്യ പ്രതികരണങ്ങൾ വായിച്ചാൽ ലജ്ജിച്ച് തല താഴ്ത്തിപ്പോകും. ആരാണ് സ്ത്രീ? അവൾ എന്റെയും നിന്റെയും ആദരണീയയായ അമ്മയാകുന്നു! ഭാര്യയാകുന്നു! സഹോദരി അഥവാ പെങ്ങളാകുന്നു! പ്രിയപ്പെട്ട മോളാകുന്നു! അങ്ങനെയുള്ള പുരുഷനൊപ്പം കായബലമില്ലാത്ത അബലയായ, ത്യാഗിനിയായ സ്ത്രീയുടെ കണ്ണുനീർ നിലത്തു വീഴരുത്! അവളെ പീഡിപ്പിക്കരുത്. അത് മഹാപാപമാണ്. ഇതാണ് മാനുഷിക മൂല്യവും അറിവും സംസ്ക്കാരവുമൊക്കെ. അഭ്യസ്തവിദ്യനെന്നും പരമയോഗ്യനെന്നുമൊക്കെ സ്വയം അഭിമാനിച്ച് നടക്കുന്ന മലയാളി ആദ്യം പഠിക്കേണ്ടത് ഇതാണ്. അധികം മലയാളികളുടെയും ജീവിതത്തിൽ സത്യത്തിനും ധർമ്മത്തിനുമൊന്നും യാതൊരു സ്ഥാനവുമില്ലിന്ന്. തെക്കേമുറി എഴുതിയിരിക്കുന്നതുപോലെ എന്നും വാമനന്മാർ വിജയിക്കുന്ന നാടാണ് കേരളം. ധനവും സമൂഹത്തിൽ സ്ഥാനവും, സ്വാധീനവുമുള്ളവൻ എന്തധർമ്മം ചെയ്താലും ധർമ്മരാജ്യമായ ഇന്ത്യയിൽ ശിക്ഷിക്കപ്പെടുകയില്ല.

നടിയുടെ ബലാൽക്കാര കേസിലെ യാഥാർത്ഥ്യങ്ങളെ ആരുടെയും മുഖം നോക്കാതെ ആത്മാർത്ഥമായും നിർഭയമായും അവതരിപ്പിച്ച് ജനങ്ങളുടെ മുമ്പിൽ അണിനിരത്തിയ കേരളത്തിലെ മാധ്യമങ്ങളെയും (പ്രഹസനമായി തീരുകയില്ലെങ്കിൽ) പ്രതികളെ കണ്ടുപിടിക്കുവാൻ കേരളാ പോലീസ് നടത്തിക്കൊണ്ടിരിക്കുന്ന അശ്രാന്തവും അതിവിദഗ്ധവുമായ പ്രയത്നങ്ങളെയും ഹാർദ്ദവമായി ഞാൻ അഭിനന്ദിച്ചു കൊള്ളുന്നു. മലയാള സിനിമയ്ക്ക് ധാർമ്മിക മൂല്യങ്ങൾ വേണം. എങ്കിലേ ശോഭിക്കയുള്ളൂ. സ്ത്രീയേ, മാനിക്കുക. അവൾ ആരുടെയും അടിമയല്ല!!!

************